ALL INDIA RADIO THIRUVANANTHAPURAM

आकाशवाणी

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:25.02.2025**

## പ്രധാനവാർത്തകൾ

1. ഗുവാഹത്തിയിൽ നടക്കുന്ന നിക്ഷേപ അടിസ്ഥാന സൗകര്യ വികസന ഉച്ചകോടിയുടെ പ്ലീനറി സെഷൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യു.
2. സംസ്ഥാനത്ത് 28 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ 15 സീറ്റ് എൽ.ഡി.എഫിനും 13 ഇടത്ത് യു.ഡി.എഫിനും വിജയം.
3. ശമ്പള വർധന അടക്കമുള്ള ആവശ്യങ്ങളുമായി സെക്രട്ടേറിയേറ്റിന് മുന്നിൽ സമരം ചെയ്യുന്ന ആശാവർക്കർമാർ അടിയന്തരമായി ജോലിയിൽ പ്രവേശിക്കണമെന്ന് നാഷണൽ ഹെൽത്ത് മിഷൻ.
4. പ്രയാഗ് രാജിൽ നടക്കുന്ന മഹാകുംഭ മേളയ്ക്ക് മഹാശിവരാത്രി ദിവസമായ നാളെ സമാപനം. മഹാശിവരാത്രി ആഘോഷങ്ങൾക്കായി സംസ്ഥാനത്തെ ക്ഷേത്രങ്ങൾ ഒരുങ്ങി. ബലിതർപ്പണത്തിനുള്ള സജ്ജീകരണങ്ങളുമായി ആലുവ മണപ്പുറം.
5. വെഞ്ഞാറമൂട് കൂട്ടക്കൊലപാതക കേസിലെ പ്രതി അഫാൻ പ്രാഥമിക പരിശോധനയിൽ ലഹരി ഉപയോഗിച്ചിരുന്നതായി പൊലീസ്.
6. രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം. ഗുജറാത്തിനെതിരെ ചരിത്രവിജയം നേടിയ കേരളം വിദർഭയുമായി ഏറ്റുമുട്ടും.

RNU TVPM

=============================================

## രാഷ്ട്രപതി സന്ദർശനം

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അഞ്ച് ദിവസത്തെ ബിഹാർ, മദ്ധ്യപ്രദേശ്, ഗുജറാത്ത് സന്ദർശനത്തിന് ഇന്ന് തുടക്കം. സന്ദർശനത്തിന്റെ ആദ്യ ദിവസമായ ഇന്ന് ബിഹാറിലെ പട്ന മെഡിക്കൽ കോളേജിന്റെ ശതാബ്ദി ആഘോഷത്തിൽ രാഷ്ട്രപതി പങ്കെടുക്കും. രണ്ടാം ദിവസം, മധ്യപ്രദേശ് സന്ദർശിക്കുന്ന രാഷ്ട്രപതി, അന്ന് തന്നെ ഗുജറാത്തിലെ കെവാഡിയയിലെ ഏകതാ പ്രതിമ സന്ദർശിക്കുകയും, നർമ്മദാ ആരതിക്ക് സാക്ഷ്യം വഹിക്കുകയും ചെയ്യും. മൂന്ന് ദിവസം ഗുജറാത്തിലെ വിവിധ പരിപാടികളിൽ രാഷ്ട്രപതി പങ്കെടുക്കും.

=============================================

## പ്രധാനമന്ത്രി - അസം

അസമിലെ ഗുവാഹത്തിയിൽ നടക്കുന്ന **അഡ്വാന്റേജ് അസം 2.0** നിക്ഷേപ അടിസ്ഥാന സൗകര്യ വികസന ഉച്ചകോടിയുടെ പ്ലീനറി സെഷൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. രണ്ട് ദിവസം നീണ്ടുനിൽക്കുന്ന ഉച്ചകോടിയിൽ വ്യാവസായിക പരിണാമം, ആഗോള വ്യാപാര പങ്കാളിത്തം, അസമിലെ MSME മേഖല എന്നിവയുമായി ബന്ധപ്പെട്ട 240-ലധികം പ്രദർശകർ പങ്കെടുക്കുന്നു. രണ്ട് ദിവസത്തെ സന്ദർശനത്തിന് ഇന്നലെ അസമിലെത്തിയ പ്രധാനമന്ത്രി **8,600-ലേറെ** നർത്തകർ അണിനിരന്ന അസമിലെ പരമ്പരാഗത കലാരൂപം വീക്ഷിച്ചു.

RNU TVPM

=============================================

## തിരഞ്ഞെടുപ്പ് – വോട്ടെണ്ണൽ

സംസ്ഥാനത്ത് 28 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ വോട്ടെണ്ണൽ പുരോഗമിക്കുന്നു. 15 സീറ്റുകളിൽ എൽ.ഡി.എഫിനും 13 ഇടത്ത് യു.ഡി.എഫിനും

വിജയം. മൂന്നിടത്ത് മറ്റുള്ളവർക്കാണ് വിജയം. ആകെ 30 സീറ്റുകളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ കാസർകോട് ജില്ലയിലെ രണ്ട് വാർഡുകളിൽ എതിരില്ലാതെ സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇന്നലെ നടന്ന വോട്ടെടുപ്പിൽ 65.83 - ആണ് പോളിംഗ് ശതമാനം.

==============================================

## ആശാ വർക്കർമാർ

ശമ്പള വർധനവ് അടക്കമുള്ള ആവശ്യങ്ങളുമായി സെക്രട്ടേറിയേറ്റിന് മുന്നിൽ പണിമുടക്കുന്ന ആശവർക്കർമാർ അടിയന്തരമായി ജോലിയിൽ പ്രവേശിക്കണമെന്ന് നിർദ്ദേശം. എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഇത് സംബന്ധിച്ച് ഉത്തരവ് ഇറക്കി. ആശവർക്കർമാർ പണിമുടക്ക് തുടരുകയാണെങ്കിൽ പകരം സംവിധാനം ഏർപ്പെടുത്താൻ മെഡിക്കൽ ഓഫീസർമാർ നടപടി സ്വീകരിക്കണം. കാലതാമസം ഒഴിവാക്കാൻ അടുത്ത വാർഡിലെ ആശാ വർക്കർക്കർക്ക് അധിക ചുമതല നൽകണമെന്നും അല്ലെങ്കിൽ ആരോഗ്യ പ്രവർത്തകർ വഴിയോ സന്നദ്ധ പ്രവർത്തകർ വഴിയോ സേവനം ഉറപ്പാക്കണമെന്നും നിർദ്ദേശമുണ്ട്. ആശവർക്കർമാരുടെ സമരം രണ്ടാഴ്ച പിന്നിടുകയാണ്.

==============================================

## ഹൈക്കോടതി – ഡീലിമിറ്റേഷൻ

ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവിനെ തുടർന്ന് പട്ടാമ്പി, മുക്കം, കൊടുവള്ളി, പയ്യോളി, ഫറോക്ക്, പാനൂർ, മട്ടന്നൂർ, ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റികളിലെയും കാസർഗോഡ് പടന്ന ഗ്രാമപഞ്ചായത്തിലെയും വാർഡ് വിഭജനം സംബന്ധിച്ച് പരാതിക്കാരെ നേരിൽകേൾക്കാൻ ഡീലിമിറ്റേഷൻ കമ്മീഷൻ തീരുമാനിച്ചതായി കമ്മീഷൻ ചെയർമാൻ A. ഷാജഹാൻ

RNU TVPM

അറിയിച്ചു.  പരാതിക്കാരെ അടുത്തമാസം ഏഴിന് രാവിലെ 10 മുതൽ തിരുവനന്തപുരം തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിലാണ് കമ്മീഷൻ നേരിൽ കേൾക്കുക. സംസ്ഥാനത്തെ മറ്റ് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ വാർഡ് വിഭജന പരാതികളിൽ ഡിലിമിറ്റേഷൻ കമ്മീഷൻ ജില്ലകളിൽ നടത്തിയ പബ്ലിക് ഹിയറിംഗ് ഈ മാസം 22-ന് പൂർത്തിയായിരുന്നു.

==========================================

**മഹാകുംഭമേള**

പ്രയാഗ് രാജിലെ മഹാകുംഭ മേളയ്ക്ക് മഹാശിവരാത്രി ദിവസമായ നാളെ സമാപനം. തീർത്ഥാടകർക്ക് ശിവരാത്രിയിലെ ചടങ്ങുകളിൽ പങ്കെടുക്കുന്നതിന് വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. തീർത്ഥാടകരുടെ സുരക്ഷയ്ക്കാണ് പ്രഥമ പരിഗണന നൽകിയിരിക്കുന്നതെന്ന് പ്രയാഗ് രാജ് ജില്ലാ ഭരണകൂടം അറിയിച്ചു. ക്ഷേത്ര പരിസരത്തും പുണ്യ സ്നാനം നടത്തുന്ന സ്ഥലങ്ങളിലും ശുചിത്വം ഉറപ്പാക്കാനുള്ള നടപടികൾ തുടർച്ചയായി നിരീക്ഷിക്കുകയാണെന്നും അധികൃതർ പറഞ്ഞു.

RNU TVPM

==========================================

**ശിവരാത്രി – ആലുവ മണപ്പുറം**

ശിവരാത്രി ആഘോഷങ്ങളുമായി ബന്ധപ്പെട്ട് ആലുവ മണപ്പുറം ബലിതർപ്പണത്തിന് ഒരുങ്ങി. 116 ബലിത്തറകളാണ് ഇക്കുറി ഒരുക്കിയിരിക്കുന്നത്. നാളെ വൈകിട്ട് മുതൽ ജനങ്ങൾ പിതൃതർപ്പണത്തിനായി മണപ്പുറത്തേക്ക് ഒഴുകിയെത്തും. രാത്രി 10 മണിയോടെ ശിവരാത്രി ബലിയും മറ്റന്നാൾ രാവിലെ 8.30-ഓടെ  വാവുബലിയും നടക്കും. പെരിയാറിന് മറുകരയിലുള്ള അദ്വൈതാശ്രമത്തിലും ബലിതർപ്പണം നടത്താൻ സൗകര്യം ഒരുക്കിയിട്ടുണ്ട്.

ശിവരാത്രിയോട് അനുബന്ധിച്ച് 1,500-ഓളം പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിക്കും. കൂടാതെ നാല് വാച്ച് ടവറുകളിൽ നിന്നും, സിസിടിവിയും മറ്റും ഉപയോഗിച്ചുള്ള നിരീക്ഷണവും പോലീസ് നടത്തുന്നുണ്ട്. നാളെ വൈകിട്ട് മുതൽ വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മണിവരെ ആലുവ നഗരത്തിൽ ഗതാഗത നിയന്ത്രണം ഉണ്ടാകുമെന്ന് പോലീസ് പറഞ്ഞു.

==========================================

**മഹാശിവരാത്രി + മഹാകുംഭമേള**

മഹാശിവരാത്രി നാളെ. ആഘോഷങ്ങൾക്കായി സംസ്ഥാനത്തെ ക്ഷേത്രങ്ങളും ഒരുങ്ങി. ഇന്നുമുതൽ വ്രതം ആരംഭിക്കും. നാളെ ശിവക്ഷേത്രങ്ങളിൽ പ്രത്യേക പൂജകൾ നടക്കും. ശിവരാത്രിയോടനുബന്ധിച്ച് കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചിട്ടുണ്ട്. പ്രയാഗ് രാജിലെ മഹാകുംഭ മേളയ്ക്ക് മഹാശിവരാത്രി ദിവസമായ നാളെ സമാപനമാകും. ശിവരാത്രിയിലെ പ്രത്യേക ചടങ്ങുകളിൽ പങ്കെടുക്കുന്നതിന് തീർത്ഥാടകരുടെ വൻ തിരക്കാണ് അനുഭവപ്പെടുന്നത്.

RNU TVPM

==========================================

**ശിവാലയ ഓട്ടം**

ശിവരാത്രിയോടനുബന്ധിച്ച് കന്യാകുമാരി ജില്ലയിലെ 12 ശിവക്ഷേത്രങ്ങളിൽ നടക്കുന്ന ശിവാലയ ഓട്ടം ഇന്ന് വൈകുന്നേരം ആരംഭിക്കും. നാളെയാണ് മഹാശിവരാത്രി. എല്ലാ ശിവക്ഷേത്രങ്ങളിലും രാത്രി ഇടവിട്ട് യാമപൂജകൾ നടക്കും. മാർത്താണ്ഡത്തിന് സമീപം മുഞ്ചിറ തിരുമല ശിവക്ഷേത്രത്തിൽ നിന്നാണ് ശിവാലയ ഓട്ടം ആരംഭിക്കുന്നത്. ഇന്ന് വൈകുന്നേരത്തോടെ ഭക്തർ ഇവിടെ നിന്ന് ഓട്ടം തുടങ്ങും.

==========================================

## ശിവരാത്രി തീർത്ഥാടകർ

പാകിസ്ഥാനിലെ ശ്രീകടാസ്രാജ് ക്ഷേത്രത്തിലെ ശിവരാത്രി ആഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി 110 തീർത്ഥാടകർ പുറപ്പെട്ടു. ഒരാഴ്ച നീളുന്ന ആഘോഷങ്ങളാണ് ഈ ക്ഷേത്രത്തിൽ നടക്കുന്നത്. ഇന്നലെ വൈകുന്നേരത്തോടെ തീർത്ഥാടകർ അട്ടാരി ജോയിന്റ് ചെക്ക് പോസ്റ്റ് കടന്നതായി പ്രോട്ടോകാൾ ഓഫീസർ അറിയിച്ചു.

==========================================

## ഭൂചലനം

ഇന്ന് രാവിലെ ബംഗാൾ ഉൾക്കടലിൽ 5.1 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം അനുഭവപ്പെട്ടു, ഒഡീഷയുടെ പല ഭാഗങ്ങളിലും നേരിയ ഭൂചലനം അനുഭവപ്പെട്ടു. സമുദ്രോപരിതലത്തിൽ നിന്ന് 91 കിലോമീറ്റർ താഴ്ചയിലാണ് ഭൂചലനം ഉണ്ടായത്. ഒഡീഷയിലെ വിവിധ പ്രദേശങ്ങളിൽ ഭൂചലനം അനുഭവപ്പെട്ടിരുന്നു. ആളപായമോ വസ്തുവകകൾക്ക് നാശനഷ്ടമോ റിപ്പോർട്ട് ചെയ്തിട്ടില്ല.

RIJU TVPM

==========================================

## തിരഞ്ഞെടുപ്പ് ഓഫീസർമാർ-ദ്വിദിന സമ്മേളനം

സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാരുടെ ദ്വിദിന സമ്മേളനം അടുത്തമാസം **4, 5** തീയതികളിൽ ന്യൂഡൽഹിയിൽ നടക്കും. പുതിയ തിരഞ്ഞെടുപ്പ് കമ്മീഷണറായി ഗ്യാനേഷ് കുമാർ ചുമതലയേറ്റ ശേഷം സംഘടിപ്പിക്കുന്ന ആദ്യ സമ്മേളനമാണിത്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ആധുനികവത്കരണം ഉൾപ്പെടെ വിവിധ വിഷയങ്ങൾ സമ്മേളനം ചർച്ച ചെയ്യും.

==========================================

## വേവ്സ്

ഡിജിറ്റൽ, ഓൺലൈൻ ഗെയിമിംഗ് മേഖലയിൽ ഇന്ത്യ ശ്രദ്ധേയമായ വളർച്ച കൈവരിക്കുന്ന പശ്ചാത്തലത്തിൽ വാർത്ത വിനിമയ പ്രക്ഷേപണ മന്ത്രാലയവുമായി സഹകരിച്ച് INTERACTIVE ENTERTAINMENT AND INNOVATION COUNCIL BHARAT TECH TRIUMPH PROGRAMME ആരംഭിച്ചു. ക്രിയേറ്റ് ഇൻ ഇന്ത്യ ചലഞ്ച് സീസൺ ഒന്നാം പതിപ്പിൻറെ ഭാഗമായി സംഘടിപ്പിക്കുന്ന പരിപാടി അന്താരാഷ്ട്ര മേഖലയിൽ ഇന്ത്യയുടെ ഗെയിമിംഗ് കഴിവുകളെ തിരിച്ചറിയാനും പ്രദർശിപ്പിക്കാനും ലക്ഷ്യമിടുന്നു. ഇന്ത്യൻ ഇന്നൊവേറ്റർമാർക്ക് ആഗോളതലത്തിൽ അവസരം ഒരുക്കുന്ന ലോക ദൃശ്യ ശ്രവ്യ വിനോദ ഉച്ചകോടിയായ WAVES 2025 വരെ പരിപാടി തുടരും.

==========================================

RNU TVPM

## വെഞ്ഞാറമൂട് കൊലപാതകം- പോലീസ്

വെഞ്ഞാറമൂട് കൊലപാതക കേസിലെ പ്രതി അഫാൻ പ്രാഥമിക പരിശോധനയിൽ ലഹരി ഉപയോഗിച്ചിരുന്നതായി പോലീസ്. ഏത് തരം ലഹരി വസ്തുവാണ് ഉപയോഗിച്ചതെന്ന് കണ്ടെത്താൻ ശാസ്ത്രീയ പരിശോധന ആവശ്യമാണെന്ന് നെടുമങ്ങാട് ഡി വൈ എസ് പി അറിയിച്ചു. കൊല്ലപ്പെട്ടവരിൽ ഭൂരിഭാഗം പേർക്കും തലയ്ക്കാണ് ഗുരുതരമായി പരിക്കേറ്റതെന്ന് അദ്ദേഹം പറഞ്ഞു. കേസിൽ അന്വേഷണം പുരോഗമിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു.

==========================================

## വെഞ്ഞാറമൂട് കൊലപാതകം- ഡികെ മുരളി

വെഞ്ഞാറമൂട് കൊലപാതക കേസിലെ പ്രതി അഫാന്റെ പിതാവ് റഹീമിന് ഗൾഫിൽ സാമ്പത്തിക പ്രശ്നങ്ങളുണ്ടെന്നും, കേസ് ഉള്ളതിനാൽ ട്രാവൽ ബാൻ ഉണ്ടെന്നും

ഡി കെ മുരളി എം എൽ എ പറഞ്ഞു. അദ്ദേഹത്തെ നാട്ടിലേക്ക് എത്തിക്കാൻ മലയാളി അസോസിയേഷൻ ശ്രമിക്കുന്നുണ്ടെന്നും അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ അറിയിച്ചിട്ടുണ്ടെന്നും

ഡി കെ മുരളി പറഞ്ഞു. അഫാൻ ലഹരി ഉപയോഗിച്ചോ എന്ന് പരിശോധിക്കേണ്ടതാണെന്നും ഡി കെ മുരളി കൂട്ടിച്ചേർത്തു.

============================================

## മന്നത്ത് പത്മനാഭൻ -സമാധിദിനം

സമുദായാചാര്യൻ മന്നത്ത് പത്മനാഭന്റെ 55-ാം സമാധി ദിനം ഇന്ന്. പെരുന്ന എൻ.എസ്.എസ് ആസ്ഥാനത്തെ മന്നം സമാധി മണ്ഡപത്തിൽ രാവിലെ ആറ് മുതൽ ഭക്തിഗാനാലാപനവും പുഷ്പാർച്ചനയും ഉപവാസവും സമൂഹപ്രാർത്ഥനയും നടന്നു.

RNU TVPM

============================================

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനൽ നാളെമുതൽ. ഗുജറാത്തിനെതിരെ ചരിത്രവിജയം നേടിയ കേരളം ഫൈനലിൽ വിദർഭയുമായി ഏറ്റുമുട്ടും. നാഗ്പൂരിലാണ് കളി. രഞ്ജി ചരിത്രത്തിലാദ്യമായാണ് കേരളം ഫൈനലിൽ എത്തുന്നത്.

============================================

## ഐ.എസ്.എൽ

ISL ഫുട്ബോളിൽ ഇന്ന് ബംഗളുരു FC, ചെന്നൈയിൻ FC യെ നേരിടും. ബംഗളുരുവിൽ രാത്രി 7.30-നാണ് മത്സരം.

============================================

**ഇടുക്കി കെ.എസ്.ആർ.ടി.സി – (ഇൻട്രോ)**

മൂന്നാറിലെത്തുന്ന സഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങളൊരുക്കാൻ കെ.എസ്.ആർ.ടി.സി. വിനോദ സഞ്ചാരികൾക്ക് മാത്രമായി നാല് ഉല്ലാസയാത്രാ സർവീസുകളാണ് കെ.എസ്.ആർ.ടി.സി തുടങ്ങുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

**(വോയിസ്............)**

==========================================

**ഉയർന്ന ചൂട്**

സംസ്ഥാനത്ത് നാളെ വരെ ചിലയിടങ്ങളിൽ പകൽ താപനില സാധാരണയെക്കാൾ 3 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണം. പകൽ 11 മുതൽ 3 മണിവരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക, പരമാവധി ശുദ്ധജലം കുടിക്കുക തുടങ്ങിയ നിർദേശങ്ങളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നൽകിയിട്ടുണ്ട്.

====================

============================

==========================================

RNUTVPM